## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3394** **14-07-2022 - ൽ മറുപടിയ്ക്ക്**

## പ്രകൃതിക്ഷോഭം മൂലം കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ മഴക്കെടുതിയും മറ്റ് പ്രകൃതിക്ഷോഭവും മൂലം കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടങ്ങളും കർഷകർക്കുണ്ടായ ദുരിതവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം 20/05/2021 മുതൽ 04/07/2022 വരെ 57,286 കർഷകരുടെ 12,889.461 ഹെക്ടർ സ്ഥലത്ത് 4039.1975 ലക്ഷം രൂപയുടെ കൃഷിനാശം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. |
| (ബി) | ഇവരെ സഹായിക്കാനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും ഇതിനായി കേന്ദ്ര സഹായം ലഭ്യമായോയെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ? | (ബി) | 2021-22 വർഷത്തിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിന് സംസ്ഥാന വിഹിതമായി 6743.86 ലക്ഷം രൂപ അനുവദിക്കുകയും ആയതിൽ വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരമായി 6493.47781 ലക്ഷം രൂപയും, മടവീഴ്ചയിൽ നാശനഷ്ടം സംഭവിച്ച കർഷകർക്ക് മട പുനരുദ്ധാരണത്തിന് 12.16347 ലക്ഷം രൂപയും, വിതച്ച നെൽപ്പാടങ്ങൾക്കുണ്ടായ നാശനഷ്ടത്തിനായി കർഷകർക്ക് സൗജന്യമായി നെൽ വിത്ത് നൽകിയ ഇനത്തിൽ സംസ്ഥാന വിത്ത് വിതരണ അതോറിറ്റിക്ക് 200.00 ലക്ഷം രൂപയും, കീടരോഗ ബാധ മൂലം വിളനാശം സംഭവിച്ച കർഷകർക്ക് ആയതു നിയന്ത്രിക്കുന്നതിനായി 23.66608 ലക്ഷം രൂപയും ചേർത്ത് ആകെ 6729.30736 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.<br><br>കേന്ദ്ര സർക്കാർ വിഹിതവും സംസ്ഥാന വിഹിതവും ഉൾപ്പെടുന്ന റവന്യൂ ഫണ്ടായ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും 1690.62807 ലക്ഷം രൂപയും വിള നാശത്തിനുള്ള നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ട്.<br><br>കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ നഷ്ടപരിഹാരം നൽകുന്നതിനായി സംസ്ഥാന സർക്കാർ 3200.00 ലക്ഷം രൂപ അനുവദിക്കുകയും ആയതിൽ 3179.95005 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2022-2023 സാമ്പത്തിക വർഷത്തിൽ പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗബാധ നിയന്ത്രണത്തിനുമായുള്ള അടിയന്തിര പരിപാടി പദ്ധതിക്കായി സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതമായി 750.00 ലക്ഷം രൂപയും പരിഷ്കരിച്ച സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് വിളനാശം സംഭവിച്ചാൽ, നഷ്ടപരിഹാരം നൽകുന്നതിനായി 3000.00 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ആയതു വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ